**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **3167** | **21/08/2017** ൽ മറുപടിക്ക്

**ജലസംരക്ഷണപ്രവർത്തനങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | **കെ.ടി. ജലീൽ**<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| **എ)** ജലസംരക്ഷണത്തിനും ജലത്തിന്റെ ഉപഭോഗം കുറയ്ക്കുന്നതിനും, നിയന്ത്രിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്; | **എ)** തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി ജലസ്രോതസ്സുകൾ വൃത്തിയാക്കുകയും തടയണകൾ നിർമ്മിച്ച് ജലം സംരക്ഷിക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത് തലത്തിൽ വിവിധ വാർഡുകളിൽ മഴവെള്ള സംഭരണികൾ വിതരണം ചെയ്യുകയും 150 ച.മീ. കൂടുതലുള്ള കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ മഴവെള്ള സംഭരണി നിർബന്ധമാക്കുകയും കിണർ റീചാർജ്ജിംഗ് പദ്ധതി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. മഴവെള്ള സംഭരണികൾ പ്രവർത്തനക്ഷമമാക്കൽ, കിണർ റീചാർജ്ജിംഗ് തുടങ്ങിയ പ്രവർത്തനങ്ങൾക്ക് പ്രാദേശിക സന്നദ്ധ സംഘടനകളെ വിനിയോഗിക്കുന്നതിനും കൃഷിസ്ഥലങ്ങളിൽ ബാഷ്പീകരണം തടയുന്നതിന് നടപടി എടുക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ജല ദുരുപയോഗം ഒഴിവാക്കുന്നതിനും ജല പുനരുപയോഗത്തിനും ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് ജല നിധി മുഖാന്തിരം ക്ലാസ്സുകൾ സംഘടിപ്പിച്ച് വരുന്നുണ്ട്. |
| **ബി)** ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും കീഴിലുള്ള ജലസ്രോതസ്സുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇവ നിലനിർത്തുന്നതിനും മലിനമാകുന്നത് തടയുന്നതിനും ഫലപ്രദമായ ഇടപെടലുകൾ നടത്തുന്നുണ്ടോ; | **ബി)** പഞ്ചായത്ത് പ്രദേശത്തെ ജലസ്രോതസ്സുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ട്. ജലസ്രോതസ്സുകൾ നിലനിർത്തുന്നതിനും അവ മലിനമാകുന്നത് തടയുന്നതിനും നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |

**സി)** എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക കീഴിലുമുള്ള ജലസ്രോതസ്സുകൾ സംരക്ഷിക്കുന്ന - തിനും പാറമടകളിലെയും മറ്റും ജലസ്രോതസ്സുകൾ ഏറ്റെടുത്ത് ഉപയോഗപ്രദമാക്കുന്നതിനും തദ്ദേശസ്വയംഭരണ വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

**സി)** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക കീഴിലുള്ള ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും പാറമടകളിലെയും മറ്റും ജലസ്രോതസ്സുകൾ ഏറ്റെടുത്ത് ഉപയോഗപ്രദമാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ